കഴിഞ്ഞാൽ നമുക്ക് at the point of time - ൽ ആലോചിക്കാം. ഇപ്പോഴേ തുടങ്ങാൻ പോകുന്ന പദ്ധതിയെ തകർക്കത്തക്ക വിധത്തിലുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുക്കുന്നത് ശരിയല്ല. അതോടൊപ്പം നേരത്തേ പറഞ്ഞതുപോലെ പുതിയ പ്രൊപ്പോസൽസ് എന്തെങ്കിലും ഉണ്ടെങ്കിൽ ഗൗരവതരമായി അവയും ആലോചിക്കാം.

ശ്രീ. ഇസ്ഹാക് കുരിക്കൾ: വർഷങ്ങൾക്കുമുൻപ് പ്രവർത്തനം ആരംഭിച്ച പദ്ധതിയാണ് ചീക്കോട് വാട്ടർ സപ്ലൈ സ്കീം. എന്റേയും ശ്രീ. വി. കെ. സി. മമ്മത് കോയ സാഹിബിന്റേയും മണ്ഡലത്തിൽ വെള്ളം കൊടുക്കുന്ന പ്രത്യേകിച്ച് ചീക്കോട്, അഴീക്കോട്, കുഴിമണ്ണ തുടങ്ങിയ പഞ്ചായത്തുകളിലെ പാവപ്പെട്ട ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്ന ചാലിയാറിലൂടെ ഒഴുകിപ്പോകുന്ന വെള്ളം ശുദ്ധീകരിച്ച് അവർക്ക് നൽകുന്ന ആ പദ്ധതിയുടെ ഏതാണ്ട് 90% പ്രവർത്തനവും പൂർത്തിയായിട്ടുണ്ട്. തൊണ്ട് തടഞ്ഞ് കപ്പൽ നിൽക്കുന്നു എന്ന് നമ്മൾ കേട്ടിട്ടുണ്ട്—അതിന് ഒരു പരിഹാരം കാണാൻ അങ്ങ് വിശദമായ ഒരു യോഗം വിളിക്കുമോ? അല്ലെങ്കിൽ ഇത് നടപ്പാക്കാൻ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബിവറേജിനെക്കുറിച്ചുള്ള ചോദ്യമാണ്. ബഹുമാനപ്പെട്ട അംഗം വളരെ സീനിയറായിട്ടുള്ള ആളാണ്. അദ്ദേഹത്തിന് sentimental attachment ഉള്ള പദ്ധതിയാണ്. ആ പദ്ധതിയെക്കുറിച്ച് യോഗം വിളിച്ചു കൂട്ടണമെന്ന് ബഹുമാനപ്പെട്ട കുരുക്കളും ശ്രീ. വി. കെ. സി.യും അടക്കമുള്ള എം.എൽ.എ. മാർ ആവശ്യപ്പെട്ടിരുന്നു. അങ്ങ് ആവശ്യപ്പെട്ടതുപോലെ തന്നെ ഗവൺമെന്റ് ഒരു യോഗം വിളിച്ചുകൂട്ടുന്നതാണ്. ആ പദ്ധതി മുന്നോട്ട് പോകുന്നതിനുള്ള നടപടികളെക്കുറിച്ച് ആ യോഗത്തിൽ വച്ച് ആലോചിക്കാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

നദികൾ മാലിന്യ വിമുക്തമാക്കുന്നതിന് നടപടി

*2 [T652] *ശ്രീ. എം. മുരളി:*
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. എം. ഹസ്സൻ:
,, *ലൂഡി ലൂയിസ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികൾ മാലിന്യവിമുക്തമാക്കുന്നതിന് കേന്ദ്രം അനുവദിച്ച തുകയിൽനിന്ന് ഈ വർഷം സംസ്ഥാനത്തിനു ലഭിക്കുന്ന വിഹിതം എത്രയാണ്;

(ബി) ഏതെല്ലാം നദികളെ മാലിന്യവിമുക്തമാക്കുന്നതിനാണ് ഈ തുക ലഭിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈയിനത്തിൽ ഇതിനുമുമ്പ് കേന്ദ്രത്തിൽനിന്ന് ലഭിച്ചിട്ടുള്ള തുക ചെലവഴിച്ചതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) പമ്പാനദി മാലിന്യവിമുക്തമാക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയായ പമ്പാ ആക്ഷൻ പ്ലാനിനായി 2004-2005 വർഷത്തിൽ കേന്ദ്ര വിഹിതമൊന്നും ലഭിച്ചിട്ടില്ല.

(ബി) പമ്പാനദി മാലിന്യവിമുക്തമാക്കുന്നതിനു മാത്രമാണ് കേന്ദ്ര സഹായം ലഭിക്കുന്നത്.

(സി) 2003-04 വർഷത്തിൽ കേന്ദ്ര വിഹിതമായി 75 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പമ്പാ നദിയിലെ കുളിക്കടവുകളുടെ നിർമ്മാണത്തിനായി 33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എം. മുരളി: എന്റെ ചോദ്യത്തിന് മറുപടിയായി പമ്പാ നദിയുടെ ശുദ്ധീകരണത്തിന് വേണ്ടിയിട്ടുള്ള പമ്പാ ആക്ഷൻ പ്ലാനിന് കിട്ടിയ ധനസഹായത്തെക്കുറിച്ച് മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്റെ ചോദ്യം, കേരളത്തിലെ നമ്മുടെ വരദാനമായ നദികൾ മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്; നദികളും തോടുകളും കൈവഴികളും പൂർണ്ണമായി മാലിന്യങ്ങൾകൊണ്ട് മലിനീകരിക്കപ്പെടുന്നു. ഇത് കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നത്തിന് വലിയ വെല്ലുവിളിയാണ്. ഇത് പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? അത് സംബന്ധിച്ചുള്ള നടപടികൾ എന്തൊക്കെയാണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സംസ്ഥാനത്ത് പത്ത് നദികൾ നമ്മൾ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ മുമ്പിൽ ലീസ്റ്റ് ചെയ്ത് കൊടുത്തിട്ടുണ്ട്. പത്ത് നദികളും മാലിന്യവിമുക്തമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നമ്മൾ ഒരു പദ്ധതി സ്വീകരിച്ചിട്ടുണ്ട്. പക്ഷെ പത്ത് നദികളിൽ പമ്പാ നദിയുടേത് മാത്രമാണ് ഇപ്പോൾ ക്ലിയറൻസ് വന്നിട്ടുള്ളത്. ഞാൻ പറഞ്ഞത് മറ്റ് പദ്ധതികളുടെ കാര്യത്തിലും ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. വമ്പിച്ച സാമ്പത്തിക ബാധ്യത വരുന്ന പദ്ധതികളാണ്. അവ ഏറ്റെടുക്കാനുള്ള ശക്തി സംസ്ഥാനത്തിന് ഇല്ലാത്തതുകൊണ്ട് ഇൻഡ്യാ ഗവൺമെന്റിന്റെ സാമ്പത്തിക സഹായം നമ്മൾ പ്രതീക്ഷിക്കുന്നുണ്ട്.

ശ്രീ. എം. മുരളി: പത്ത് നദികൾ ഏതെല്ലാമാണെന്ന് പറഞ്ഞെങ്കിൽ കൊള്ളാമായിരുന്നു. പത്ത് നദികൾ മാത്രമല്ല അവയുടെ കൈവഴികളായ തോടുകൾവരെ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽപ്പോലും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. കേരളത്തിന്റെ ആരോഗ്യ പ്രശ്നത്തിന് നാളെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഭീഷണിയായി മാറാൻ പോകുന്ന രീതിയിൽ നമ്മുടെ ജനങ്ങളിൽ പൗരബോധം ഇല്ലാത്ത ഒരു വിഭാഗം അവരുടെ മാലിന്യങ്ങൾ നദികളിൽ നിക്ഷേപിക്കുകയാണ്. അത് നിർമ്മാർജ്ജനം ചെയ്യാനും നദികളുടെ ശുദ്ധീകരണത്തിനും വേണ്ടി ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കണം. പത്ത് നദികളുടെ കാര്യത്തിൽ മാത്രമല്ല എല്ലാ നദികളും മാലിന്യമുക്തമാക്കണം. ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരം വരാത്തതുകൊണ്ടാണ് ഞാൻ വീണ്ടും ചോദിക്കുന്നത്. അതുകൊണ്ട് ഇതിലേക്കായി ഒരു അതോറിറ്റി രൂപീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റേയും അന്തർദേശീയ ഏജൻസികളുടേയും ധനസഹായം സ്വീകരിച്ചുകൊണ്ട് നദികളെ മാലിന്യമുക്തമാക്കാനുള്ള നടപടിക്ക് ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതോറിറ്റിയുടെ പ്രശ്നമല്ല. പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിനുവേണ്ടി പമ്പാ റിവർ അതോറിറ്റി രൂപീകരിക്കാൻ കാബിനറ്റിൽ ഡിസൈഡ് ചെയ്തു. ഗവൺമെന്റ് ഇതുമായി മുന്നോട്ട് പോകുകയാണ്. അതോടൊപ്പം പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. മുഹമ്മദാലി കഴിഞ്ഞ ദിവസം ഇവിടെ ഒരു സബ്മിഷൻ നൽകിയിരുന്നു. അങ്ങനെ ഒറ്റപ്പെട്ട അതോറിറ്റികൾ മാത്രമല്ല സംസ്ഥാനത്തെ പടിഞ്ഞാറോട്ട് ഒഴുകുന്ന 41 നദികളും കിഴക്കോട്ട് ഒഴുകുന്ന മൂന്ന് നദികളും അടക്കം 44 നദികളും ഒരേ രൂപത്തിലുള്ള മാലിന്യത്തിന്റെ ഭീഷണി നേരിടുകയാണ്. അത് നേരിടുന്നതിനുവേണ്ടി റിവർ അതോറിറ്റി ഓഫ് കേരള ഉണ്ടാകണമെന്നുള്ളതാണ് വാട്ടർ റിസോഴ്സസ് വകുപ്പിന്റെ കാഴ്ചപ്പാട്. റിവർ അതോറിറ്റി ഓഫ് കേരള രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളിലേക്ക് ഞങ്ങൾ സാവകാശം നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി രാധാരാഘവൻ: സർ, വയനാട്ടിൽ യാതൊരു മാലിന്യവും ഇല്ലാതിരുന്ന മാനന്തവാടി പുഴയിലും കബനി പുഴയിലും ധാരാളം മാലിന്യം നിറഞ്ഞ് നദിയിലെ വെള്ളം കുടിക്കാൻ വയ്യാത്ത സ്ഥിതിയാണ്. ഈ നദികളെ മാലിന്യ വിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. മാലിന്യ വിമുക്തമാക്കുന്നതിന് ഗവൺമെന്റിന്റെ പരിമിതിക്കകത്തുനിന്നുകൊണ്ട് ചെയ്യാവുന്നതൊക്കെ ചെയ്യും. ഒരു കാര്യം പറയാനുള്ളത്, ഈ നദികൾ മലിനപ്പെടുത്തുന്നത് നമ്മുടെ വിദേശ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങളിലുള്ളവരോ മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളവരോ അല്ല. ഇതൊക്കെ നദിക്കരയിലുള്ള ആളുകൾ തന്നെയാണ് ഇതിന്റെ മറുവശം കൂടി ചെയ്തുകൊണ്ടിരിക്കുന്നത് എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. അപ്പോൾ നമ്മുടെ നദികളെ സംരക്ഷിക്കുന്നതിന് സാംസ്ക്കാരികമായ ഔന്നത്യം നമുക്ക് വളർത്തിയെടുക്കാൻ കഴിയണം. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം ബോധവത്കരണം തന്നെയാണ്. അതുകൊണ്ട് നമുക്ക് ഒന്നേ എന്ന് ആരംഭിക്കാം. ആദ്യം ബോധവൽക്കരണ നടപടിയിലേക്ക് പോകാം. എന്നിട്ട് നദികളെ ശുദ്ധജലനദികളായി നിലനിർത്തുന്നതിന് വേണ്ടിയുള്ള ശ്രമത്തിലേക്ക് മുന്നോട്ടു പോകാം.

ശ്രീമതി രാധാരാഘവൻ : സർ, കബനി പുഴയിൽ നിന്നും മാനന്തവാടി പുഴയിൽ നിന്നും കുടിവെള്ളം എടുക്കുന്നുണ്ട്. ഇവ മാലിന്യ വിമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ നദികളിൽ നിന്നും എടുക്കുന്ന വെള്ളം അതേ രൂപത്തിൽ ജനങ്ങൾക്ക് വിതരണം ചെയ്യുകയല്ല ചെയ്യുന്നത്. അത് ട്രീറ്റ്മെന്റ് പ്ലാന്റിൽ കൊണ്ടുപോയി ട്രീറ്റ് ചെയ്ത് അതിന് ശേഷം ക്വാളിറ്റി ടെസ്റ്റും നടത്തും. ഇതെല്ലാം കഴിഞ്ഞ ശേഷമാണ് ഓവർഹെഡ്ഡ് ടാങ്കിലേയ്ക്ക് പോകുന്നത്. അവിടെനിന്നാണ് ഡിസ്ട്രിബ്യൂഷൻ ലൈനിലേയ്ക്ക് പോകുന്നത്. അതുകൊണ്ട് നദി മലിനപ്പെട്ടുപോയി എന്ന ഒരൊറ്റക്കാരണം കൊണ്ടുമാത്രം അവിടെ നിന്നാരംഭിക്കുന്ന എല്ലാ ശുദ്ധജല വിതരണ പദ്ധതികളും മാലിന്യത്തിന് അടിമയാണെന്ന് തെറ്റിദ്ധരിക്കരുത്.

ശ്രീ. ലൂഡി ലൂയിസ് : സർ, കൊച്ചി നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നത് പെരിയാർ നദിയിൽ നിന്നാണ്. പെരിയാർ നദി സംരക്ഷണനദികളുടെ പട്ടികയിലാണ് പെടുത്തിയിരിക്കുന്നത്. പെരിയാറിനെ മാലിന്യ വിമുക്തമാക്കുന്നതിനുവേണ്ടിയും സംരക്ഷിക്കുന്നതിനുമായി ആയിരം കോടി രൂപയുടെ ഒരു പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നതായി മുൻ ജലവിഭവ വകുപ്പുമന്ത്രി നിയമസഭയിൽ മറുപടി തന്നിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നേരത്തെ പറഞ്ഞ മറുപടി ശരിയാണ്. ആയിരംകോടി രൂപയുടെ ഒരു പദ്ധതി നമ്മൾ സമർപ്പിച്ചിട്ടുണ്ട്. പക്ഷേ പദ്ധതിക്ക് ക്ളിയറൻസ് കിട്ടിയിട്ടില്ല. നേരത്തേ ഞാൻ പറഞ്ഞ പത്ത്

LIBRARY ARCHIVES Kerala Legislative Assembly

നദികളുടെ കൂട്ടത്തിലുള്ളതാണ് പെരിയാറിന്റെ ശുദ്ധീകരണത്തിനുള്ള ഈ ആയിരംകോടി രൂപയുടെ പദ്ധതിയും. പക്ഷേ ഗവൺമെന്റ് ഓഫ് ഇൻഡ്യ അതിന് പെർമിഷൻ നൽകാത്തതുകൊണ്ടും സംസ്ഥാന ഗവൺമെന്റിന്റെ കൈയിൽ അത്രയും ഭാരിച്ച തുക മുടക്കാൻ ഇല്ലാത്തതുകൊണ്ടും ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയുന്നില്ല. ഇതാണ് ഇപ്പോഴത്തെ അവസ്ഥ.

ശ്രീ. ലൂഡി ലൂയിസ്: നദികൾ മാലിന്യവിമുക്തമാക്കുന്നതിന് വേണ്ടി നദികളുടെ പ്രാന്തപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളേയും അതുപോലെ പരിസ്ഥിതി പ്രവർത്തകരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നദീ സംരക്ഷണ സേന ഉണ്ടാക്കുന്ന കാര്യം അങ്ങ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇപ്പോൾ സേന എന്നുള്ളതല്ല. അങ്ങ് പറഞ്ഞ ചോദ്യത്തിന്റെ ആദ്യ ഭാഗത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നദീതീരങ്ങളിലെ ത്രിതല പഞ്ചായത്ത് സമിതികൾ, സാമൂഹ്യ സംഘടനകൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവരേയും ഈ പ്രശ്നത്തോട് പോസിറ്റീവായി പ്രതികരിക്കുന്ന വ്യക്തികൾ, സംഘടനകൾ അതോടൊപ്പം തന്നെ ബഹുജന സംഘടനകൾ ഇവയെയെല്ലാം കൂട്ടിച്ചേർത്ത് ഒരു ബോധവൽക്കരണ പദ്ധതിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മാലിന്യം കൊണ്ടുപോയി നിക്ഷേപിക്കുന്നതിന് പറ്റിയ ഏറ്റവും നല്ല സ്ഥലമായി ജനങ്ങൾ കരുതുന്നത് നദികളും പുഴകളും തോടുകളുമാണ്. അതുകൊണ്ട് മാലിന്യ വിമുക്തമാക്കുക എന്നു പറയുന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. അതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള സഹായവും സംസ്ഥാന ഗവൺമെന്റിൽ നിന്നുള്ള സഹായവും ലഭ്യമാക്കുന്നതോടൊപ്പം തദ്ദേശ ഭരണ സ്ഥാപനങ്ങളും കേരളത്തിലെ ജനകീയ പ്രസ്ഥാനങ്ങളുമെല്ലാം ചേർന്നുകൊണ്ട് വലിയൊരു മൂവ്മെന്റായി, സാക്ഷരതാ യജ്ഞം നടത്തിയതുപോലെ, ഒരു പ്രസ്ഥാനമാക്കി മാറ്റിയാൽ മാത്രമേ ഇത് നടപ്പാക്കാൻ സാധിക്കുകയുള്ളു. അതനുസരിച്ച് ഒരു പദ്ധതിക്ക് രൂപം കൊടുക്കുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുതന്നെ ബോധവൽക്കരണത്തിന്റെ വിപുലമായ ഒരു മേഖലയാണ്. ഗവൺമെന്റ് അതിനോട് 100 ശതമാനവും യോജിക്കുകയാണ്. ഇത് നമുക്ക് നടപ്പാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നില്ലെങ്കിൽ കേരളത്തിലെ നദികളുടെയൊക്കെ സ്ഥിതി വളരെ ദയനീയമായ രൂപത്തിലേക്ക് പോകും. അങ്ങ് പറഞ്ഞതിനപ്പുറത്ത് ഒരു കാര്യം കൂടിയുണ്ട്. നദികളും തോടുകളും മാത്രമല്ല നമ്മൾ കോടിക്കണക്കിന് രൂപ മുടക്കിയിട്ടുള്ള നമ്മുടെ കനാലുകൾ പോലും അറവുശാലയിലെ അവശിഷ്ടങ്ങൾ ഡംപ് ചെയ്യാനുള്ള സ്ഥലമായി ചിലർ കാണുകയാണ്. പാതിരാവിൽ ഈ സാധനങ്ങൾ ചാക്കിൽ കെട്ടി നേരെ കനാലിലേക്ക് ഡംപ് ചെയ്യുന്നത് എത്രയോ സ്ഥലങ്ങളിൽ കാണുന്നു. ബോധവൽക്കരണമല്ലാതെ ഇതിന് മരുന്നില്ല. കേരളത്തിന്റെ ഇന്നത്തെ ഏറ്റവും വലിയ ആവശ്യം ബോധവൽക്കരണമാണ്. ഗവൺമെന്റിന് അത് പൂർണ്ണമായും ബോധ്യപ്പെട്ടിട്ടുണ്ട്. ആ നടപടികളിലേക്ക് നിശ്ചയമായും സംസ്ഥാനം നീങ്ങണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. മോഹൻകുമാർ: കുളിരുംകൊണ്ട് കുണുങ്ങി വരുന്ന മലയാളിപ്പെണ്ണാണ് നദികൾ എന്ന് കവികൾ പാടിയിട്ടുണ്ട്. ഈ മലയാളിപ്പെണ്ണുങ്ങൾ നഗര പ്രദേശങ്ങളിൽ എത്തുമ്പോഴാണ് മാലിന്യ വാഹകരായി മാറുന്നത്. നമ്മുടെ നഗര പ്രദേശങ്ങളിലെ നദികൾക്ക് സമാന്തരമായി സീവറേജ് സംവിധാനം വ്യാപിപ്പിക്കാൻ, ഏർപ്പെടുത്താൻ ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിച്ച് നദികളെ മാലിന്യ വിമുക്തമാക്കാൻ തയ്യാറാകുമോ;

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ഞാനൊരു Rider കൂടി ചേർക്കുന്നു. നമ്മുടെ ഈ ശുദ്ധജല സ്രോതസ്സുകൾ, നമുക്ക് വരദാനമായി ലഭിച്ചിട്ടുള്ള നമ്മുടെ നദികൾ മലിനപ്പെടുത്തുന്നതിന് ബോധപൂർവ്വമായ ശ്രമമുണ്ടായാൽ ആ ശ്രമത്തെ നമുക്ക് ചെറുത്തേ മതിയാകൂ. അതിനാവശ്യമായ നിയമ നടപടികൾ ഗവൺമെന്റ് എടുക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുന്നു. ആ നിയമ നടപടികളുമായി മുന്നോട്ടു പോകുന്നതാണ്.

ശ്രീ. വി. സി. കബീർ: റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പേരിൽ കഴിഞ്ഞ വർഷങ്ങളിൽ 40 കോടി രൂപ സംഭരിച്ചിട്ടുണ്ട്. ഈ പണം ഏത് ഡിപ്പാർട്ടുമെന്റാണ് കൈകാര്യം ചെയ്യുന്നത്? പത്തുപൈസ അതിൽ ചെലവഴിച്ചിട്ടില്ല. പുഴകളുടെ സംരക്ഷണം നടത്തിയിട്ടില്ല. ഈ പണം ചെലവഴിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും ആഗ്രഹങ്ങളോ, ആശയങ്ങളോ, ഉദ്ദേശങ്ങളോ . ഉണ്ടെങ്കിൽ വെളിപ്പെടുത്തിയാൽ കൊള്ളാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റല്ല അത് ചെലവഴിക്കുന്നത് എന്ന് മാത്രം പറയുന്നു.

ശ്രീ. കെ. മുഹമ്മദാലി : പെരിയാർ സംരക്ഷണത്തിന് വേണ്ടി ആയിരംകോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആയിരം കോടി രൂപയുടെ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചാൽ ഒറ്റയടിക്ക് അനുമതി ലഭിക്കാൻ പ്രയാസമാണെന്നുള്ളത് ആലോചിക്കുന്നവർക്ക് മനസിലാകുന്ന കാര്യമാണ്. കേരളത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന ഏറ്റവും കൂടുതൽ പദ്ധതികൾ സ്ഥിതിചെയ്യുന്നത് പെരിയാറിലാണ്, അങ്ങനെയുള്ള പെരിയാർ നദിയുടെ സംരക്ഷണത്തിന് വേണ്ടി സംസ്ഥാന ഗവൺമെന്റിന് അടിയന്തിരമായി ചെയ്യാവുന്ന കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതിന് ആവശ്യമായ പണം കണ്ടെത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആയിരം കോടി രൂപയുടെ പദ്ധതി എന്ന് ആദ്യം കേൾക്കുമ്പോൾ അത്ഭുതമായി തോന്നാം. പക്ഷേ ഇതുപോലെ ബൃഹത്തായ ഒരു പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാനിൽ സമർപ്പിച്ചത്. അതിന് 319 കോടി രൂപ ഗവൺമെന്റ് ഓഫ് ഇൻഡ്യ നമുക്ക് നൽകുകയും ചെയ്തു. ഇതിനും വേണമെങ്കിൽ നൽകിക്കൂടാ എന്ന് നിർബന്ധമില്ല. പക്ഷേ എന്തായാലും ആയിരം കോടി രൂപ എന്ന് കേൾക്കുമ്പോൾ അത്ഭുതം തോന്നും. എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. നമ്മുടെ പെരിയാറിന്റെ സംരക്ഷണം വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്. ബഹുമാനപ്പെട്ട മുഹമ്മദാലി സബ്മിഷനിലൂടെ അത് കൊണ്ടുവരികയും ചെയ്തിരുന്നു. പെരിയാറിന്റെ തീരപ്രദേശത്തെ ജനപ്രതിനിധികൾ, എം.എൽ.എ.-മാർ, ത്രിതല പഞ്ചായത്ത് സമിതിയിൽപ്പെട്ട ആളുകൾ എന്നിവരെക്കൂടി വിളിച്ച് ഒരു യോഗം ചേർന്ന് ഇത് ശുദ്ധീകരിക്കുന്നതിന് വേണ്ടിയുള്ള ഒരു നടപടി ഗവൺമെന്റിന് ചെയ്യാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ഡോ. കെ. സി. ജോസഫ്: പമ്പാ ആക്ഷൻ പ്ലാനിന്റെ ഒന്നാം ഘട്ടം മാത്രമാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. അതിന്റെ അടുത്ത ഘട്ട പ്രവർത്തനങ്ങൾ മലിനജലം ഒഴുകി വരുന്ന പ്രദേശങ്ങളെ മാലിന്യവിമുക്തമാക്കുന്നതിന് വേണ്ടിയുള്ളതാണ്. ആ പദ്ധതി എന്നത്തേക്ക് നടപ്പാക്കാൻ കഴിയും, അതുപോലെ ഈ നദികളെല്ലാം ഒത്തു ചേരുന്ന വേമ്പനാട്-ലേക്ക് മാലിന്യ തടാകമായി മാറിയിരിക്കുന്നു. പാരിസ്ഥിതികമായി പ്രാധാന്യമുള്ള വേമ്പനാട് തടാകത്തിനെ മാലിന്യ വിമുക്തമാക്കാൻ വേണ്ടിയുള്ള പദ്ധതിക്ക് രൂപം കൊടുക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് അവസാനം ചോദിച്ച ചോദ്യത്തിന് ആദ്യം മറുപടി പറയാം. വേമ്പനാട്-ലേക്ക് മാലിന്യ വിമുക്തമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിൽ കൊടുത്തിട്ടുണ്ട്. തത്വത്തിൽ അത് അംഗീകരിച്ചിട്ടുണ്ട്. അത് മാലിന്യ വിമുക്തമാക്കുന്നതിന് വേണ്ടിയുള്ള സാമ്പത്തിക സഹായം കൂടി ലഭിച്ചാൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നതാണ്. പമ്പാ ആക്ഷൻ പ്ലാനിലേക്ക് കിട്ടിയിരിക്കുന്നത് 12 ഇന പദ്ധതികളാണ്. ആ 12 ഇന പദ്ധതികൾക്ക് സന്നിധാനം മുതൽ നടപടികൾ എടുത്തുവരേണ്ടതാണ്. പക്ഷേ വനഭൂമി വിട്ടു കിട്ടുന്നതിനുള്ള പ്രായോഗികമായ പ്രയാസംകൊണ്ടാണ് അത് കുറച്ചു കാലമായി മുന്നോട്ട് നീങ്ങാത്തത്. ഞാൻ സന്തോഷത്തോടുകൂടി അറിയിക്കുന്നു, വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികളുടെ അവസാനത്തെ ഘട്ടത്തിൽ നമ്മൾ വന്നെത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി തന്നെ നേരിട്ട് ഈ സ്ഥലം പരിശോധിച്ച് അതിനാവശ്യമായ പാരിസ്ഥിതികമായ ക്ളിയറൻസ് നൽകുന്നതിന് വേണ്ടിയുള്ള നടപടിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ ഇത് സംബന്ധിച്ച് അവസാന തീരുമാനം ഉണ്ടാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. അത് വന്നാൽ പമ്പാ ആക്ഷൻ പ്ലാനിൽപെട്ട സന്നിധാനം മുതലുള്ള പണികൾ വലിയ താമസമില്ലാതെ സാങ്ഷൻ കിട്ടുന്ന മുറയ്ക്ക് ചെയ്യാൻ കഴിയുന്നതാണ്.

ശ്രീ. പി. ശങ്കരൻ: സംസ്ഥാന ഗവൺമെന്റ് സമാഹരിച്ച റിവർ മാനേജ്മെന്റ് ഫണ്ട് 40 കോടി രൂപ ചെലവഴിക്കാൻ വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: റവന്യൂ ഡിപ്പാർട്ടുമെന്റാണ് അതിന്റെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ്. ആ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് അതിന്റെ മറുപടി പറയാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly